## ആമുഖം

മുഹമ്മദ് നബിയെക്കുറിച്ച് മലയാളത്തിൽ ധാരാളം എഴുതപ്പെട്ടിട്ടുണ്ടെങ്കിലും പ്രവാചകജീവിതത്തിന്റെ വിവിധ വശങ്ങളെ അപഗ്രഥനാത്മകമായി അവതരിപ്പിക്കുന്ന ഒരു കൃതിയുടെ അഭാവം വളരെ പ്രകടമാണ്. ഈ വിടവ് നികത്തണമെന്ന ചിരകാലാഭിലാഷത്തിന്റെ സാഫല്യമാണ് *പ്രബോധന*ത്തിന്റെ ഈ വിശേഷാൽപതിപ്പ്. സാഫല്യം പൂർണമായെന്ന് അവകാശപ്പെടുന്നില്ല. ഇത്രത്തോളമെങ്കിലും കൈവരിക്കാൻ കഴിവ് നൽകിയ സർവശക്തനെ സ്തുതിക്കുന്നു.

മുസ്‌ലിംകളെന്നപോലെ മുസ്‌ലിംകളല്ലാത്തവർക്കും പ്രവാചകനെ സമഗ്രമായി പരിചയപ്പെടാനുതകുന്ന ഒന്ന് എന്നാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. സാധാരണ നബിചരിത്രഗ്രന്ഥങ്ങളിൽനിന്ന് ലഭിക്കാത്ത വിശകലനപ്രധാനമായ അംശങ്ങൾക്കാണ് ഇതിൽ ഊന്നൽ നൽകിയിരിക്കുന്നത്. പ്രവാചക വ്യക്തിത്വത്തെയും ദൗത്യത്തെയും സാമാന്യമായി പരിചയപ്പെടുത്തുന്നതോടൊപ്പം വ്യക്തിത്വത്തിന്റെ ഭിന്നമുഖങ്ങളെ അപഗ്രഥിക്കാനും ശ്രമം നടത്തിയിട്ടുണ്ട്. അമുസ്‌ലിം എഴുത്തുകാരുടെ പ്രവാചകനെക്കുറിച്ച നിരീക്ഷണങ്ങളും ജീവചരിത്രത്തിലെ സുപ്രധാനമായ അധ്യായങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സുന്നത്തിനെക്കുറിച്ച വിശദമായ പഠനങ്ങൾ ഈ പതിപ്പിന്റെ സ്ഥലപരിമിതിയിൽ ഒതുങ്ങാത്തതിനാൽ, സുന്നത്തിന്റെ പ്രാമാണികതയെക്കുറിച്ച ഒരു ലേഖനംകൊണ്ട് തൃപ്തിയടയുകയേ തൽക്കാലം നിർവാഹമുണ്ടായിരുന്നുള്ളൂ.

മലയാളത്തിലെ കഴിവുറ്റ എഴുത്തുകാർക്കു പുറമെ, ലോകപ്രശസ്തരായ ഇസ്‌ലാമിക ചിന്തകന്മാരുടെയും പണ്ഡിതന്മാരുടെയും രചനകൾകൂടി വിവർത്തനം ചെയ്തു ചേർത്തിട്ടുണ്ട്. അവരിൽ മിക്കപേരും പ്രവാചകന്റെ ജീവചരിത്രശാഖക്ക് മൗലികമായ സംഭാവനകളർപ്പിച്ചവർ കൂടിയാണ്. ലേഖനങ്ങളിൽ ചിലത് മുമ്പ് *പ്രബോധനം* വാരികയിലും മാസികയിലുമായി പ്രസിദ്ധീകൃതമായവയാണ്.

ഉള്ളടക്കം സർവസ്പർശിയാക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും എല്ലാം ഇതിലുൾപ്പെട്ടു എന്ന് പറയാനാവില്ല. പ്രവാചകന്റെ ബഹുമുഖ ജീവിതത്തെക്കുറിച്ച് എത്ര എഴുതിയാലും പൂർണമാവുകയുമില്ല. മനുഷ്യസമൂഹത്തിന് എന്നെന്നും വഴികാട്ടിയായ ആ അക്ഷയജ്യോതിസ്സിൽനിന്ന് അറിവിന്റെയും വെളിച്ചത്തിന്റെയും ഒരു തിരിനാളമെങ്കിലും കൊളുത്തിയെടുക്കാൻ ഈ സമാഹാരം വായനക്കാരെ സഹായിക്കുമെങ്കിൽ ഞങ്ങൾ കൃതാർഥരായി. ഈ മഹദ്സംരംഭവുമായി പല നിലകളിലും സഹകരിച്ച എല്ലാവരെയും ഞങ്ങളുടെ അകംനിറഞ്ഞ കൃതജ്ഞത അറിയിക്കാൻ ഈ സന്ദർഭം ഉപയോഗിക്കട്ടെ.

**പത്രാധിപസമിതി**